# ജി എം വി എച്ച് എസ് എസ് വേങ്ങര ടൗൺ






# പെൻ വിരൽ............

## The Digital Magazin....

പേനയും പേപ്പറും  വിരൽത്തുമ്പിൻ പ്രണയത്തിൽ കോറിയിട്ട വരികൾ ലിറ്റിൽ കൈറ്റസിന്റെ  പെൻ വിരലിലൂടെ
കാലചക്രത്തിൻ വെളിച്ചം വീശിയ വഴികളിലൂടെ സഞ്ചരിച്ച് നമുക്ക് മുന്നിൽ പുതിയ വിതാനങ്ങൾ തുറന്നിരിക്കുകയാണ്....
നേരും നന്മയും അലിഞ്ഞു ചേർന്ന പുതുത ലമുറയുടെ ഉണർവ്വും ചിന്താശക്തിയും സർഗ്ഗശേഷിയും സുന്ദരമായും സുതാര്യമായും വളരെ വേഗത്തിൽ വിതയ് ക്കുകയാണിവിടെ.

സ്റ്റാഫ് എഡിറ്റർ ............

# സന്ദേശം



## HM

**ബിന്ദു പി ബി**

വേങ്ങര ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച് കുട്ടികൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നത് വളരെ സന്തോഷം നൽകുന്നു. ആധുനിക സാങ്കേതികവിദ്യയും കുട്ടികളുടെ കഴിവുകളും കോർത്തിണക്കി ഇത്തരം ഒരു ഉദ്യമത്തിന് നേതൃത്വം നൽകിയ എല്ലാ അധ്യാപകരും അഭിനന്ദനങ്ങൾ അർഹിക്കുന്നു ഈ ഉദ്യമത്തിൽ പങ്കാളികളായ കുട്ടികളെയും അഭിനന്ദിക്കുന്നു ഇനിയും ഇതുപോലെയുള്ള സദുദ്യമങ്ങളിൽ  പങ്കെടുക്കാൻ നിങ്ങൾക്ക് എവർക്കും കഴിയട്ടെ എന്നാശംസിക്കുന്നു. ഈ മാഗസിൻറെ ഓരോ പേജും നിങ്ങളുടെ ഭാവനകൾ കൊണ്ട് നിറയട്ടെ,എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ട്

ഹെഡ്മിസ്ട്രസ്സ്
ബിന്ദു.പി.ബി

# ആശംസ.......



വേങ്ങര ടൗൺ  ജി എം വി ഹയർ സെക്കൻററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻറെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ ഒന്നാണല്ലോ ഡിജിറ്റൽ മാഗസിൻ. വിദ്യാർഥികളുടെയും അധ്യാപകരുടെയും കലാ സാഹിത്യ അഭിരുചി പ്രകടിപ്പിക്കാനും പ്രദർശിപ്പിക്കാനും അവസരമൊരുക്കിയതിൽ അതിയായ സന്തോഷമുണ്ട്. ഈ സംരഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

അഷ്റഫ് ഇ.കെ.<br>
സീനിയർ അസിസ്റ്റൻറ്<br>
ജി എം വി എച്ച് എസ് എസ് വേങ്ങര ടൗൺ

# ആശംസ.........



ഈ പ്രയത്നത്തിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു..

Hassankoya .K
PTA prasident

# ആശംസ........

ചിറകു
വിടർത്തി പറന്നുയരുന്ന
സർഗ്ഗഭാവനകൾക്ക് ചേക്കേറാനിടമൊരുക്കിയ
ലിറ്റിൽകൈറ്റ്സിന് കൂപ്പുകൈ.

വരകളും വർണ്ണങ്ങളും ചാലിച്ച് മനോഹരമാക്കിയ പെൻ
വിരൽ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും
നേരുന്നു...........

മിനി അത്തോളി

SRG കൺവീനർ



## യൂണിറ്റ് അംഗങ്ങൾ

SALU SULAIMAN SR

KITE MASTER

ASMABI PK

KITE MISTRESS

**പെൺ കരുത്ത്**

തീക്ഷ്ണമാം കണ്ണുകളിൽ തെളിയുന്നൊരു ധീരമാം പെൺകരുത്ത്...

നിങ്ങളുടെ കളിചിരികളിൽ അലിയേണ്ട മണ്ണിപ്പോൾ

വിരുന്ന് കാരുടെ വിഷപ്പുക കളാൽ വിങ്ങിനോവുന്നു..

കൂടെനിന്ന് അഭയം നൽകിയതിനാലാവാം ഇന്നിപ്പോൾ കൂടപ്പിറപ്പിനെ മാത്രം ബാക്കിയാക്കി

ഭക്ഷണം തടയപ്പെടുന്നതിനാൽ ഇലകൾ കഴിച്ച് വിശപ്പടക്കേണ്ടി വന്ന കുരുന്നുകൾ..

അവരുട കണ്ണുനീർ ഓതിത്തരുന്നു ഒരു നേരത്തെ അന്നത്തിന്റെ വില...

അന്നം ഇപ്പോൾ അവരുടെ  അവകാശത്തിൽ നിന്നും അകന്ന് സ്വപ്നമായ് മാറി...

തനിക്കുജന്മം നൽകിയവർ ഇന്നുവസിക്കുന്ന സ്വർഗ്ഗലോകത്തെ കുറിച്ചു ള്ള പ്രതീക്ഷകളാണ് അവളുടെ മനം നിറയെ..

പിറന്ന മണ്ണിനായ് പോരാടി ആകാശ ലോകങ്ങൾക്കപ്പുറമുള്ള സ്വർഗ്ഗരാജ്യം കീഴടക്കിയ കുരുന്ന്..

ഇളം പ്രായത്തിൽ ഉറച്ചവിശ്വാസത്തിലും ധീരതയിലും
മാലോകർക്ക് മാതൃകയായവൾ....

Najma Bincy

മിനിക്കവിത

## തിരികെ

തീരത്തോടത്രമേൽ കൂട്ടായതോണ്ടല്ലേ
ഈ തിരകളുടെ തല്ലലും പിണങ്ങലും...
നുരഞ്ഞു പതഞ്ഞു തീരുമീ കശപിശ
തിരികെ വരുന്നുണ്ട് സ്നേഹക്കടലല...

MAHBOOBA PK

# കുടിയിറക്കപ്പെട്ടവൻ

അന്നാ നിലാ വെളിച്ചത്തിൽ ആരാരുമില്ലാതെ അലയുന്ന
ഒരുപാട് പേര്! മക്കളോടുള്ള സ്നേഹം അമിതമാൽ
മൂലം പടിയറങ്ങേണ്ടിവന്നവർ തെരിവിലൊരുപട്ടിയെ
പൊൽ അലയുന്നു,ചെറുപ്പത്തിൽ കാണിച്ച സ്നേഹത്തിന്
പുല്ല് വില കൽപിച്ച് വലിച്ചെറിയുന്നു!
മൂഖയായി തെരുവിൽ അങ്ങോട്ടും ഇങ്ങോട്ടും ഇട്ട് ആട്ടുന്നു.
പ്രായാധികത്തിന്റെ അവശത പോലും പരഗണിക്കാതെ
ഇന്നീ തെരുവിൽ ഉപേക്ഷിച്ചു. എന്നിട്ടും മക്കളോടുള്ള
സ്നേഹത്തിൽ ഒരണു കുറവുപോൽ ഇല്ല.
മനസ്സും ശരീരവും മരവിച്ച് അവരെല്ലാം ഒത്തുകൂടും
ഇന്നീ അമ്മ തൊട്ടിലിൽ, കാത്തിരിപ്പാണ് ഇനിയങ്ങോട്ട്
നോന്ത് പോറ്റ്ളർത്തിയവർ തിരികെയെത്തുമെന്ന് തോനൽ, അല്ല വിശ്വാസം!
മേല്യള്ളോൻ എല്ലാം അറിയും എന്ന വിശ്വാസം പോൽ
ഇല്ലാത്ത വിഡ്ഢികളായ കുറേ പേർ!
കുടിയിറക്കപ്പെട്ടവരെല്ലാം കാതിരിപ്പിലാണ് !
അമ്മമാർ മക്കൾ വരുമെന്നും, പ്രിയപ്പെട്ടവരാരെങ്കിലും
വരുമെന്ന കാതിരുപ്പ് മനിഷ്യവംശം ഇവരെ പേരിട്ടു വിളച്ചു
'അനാതകൾ'. ഉപേക്ഷിക്കപ്പെട്ടവർ എന്നിങ്ങനെ മനസ്സിനെ നോവാകുന്ന തരത്തിൽ ഒരുപക്ഷെ
സ്നേഹിക്കാൻ മാതൃമറിയൊന്നൊരാമനസ്സാണത്.
നോവിച്ചാൽ ദൈവം കോപം തിരിച്ച് !
ചിന്തിക്കൂ മനുഷ്യവംശമേ ഇന്നവരാണെങ്കിൽ നാളേ
ഒരു പക്ഷേ നീയായിരിക്കും. കുട്ടിയിറക്കപെട്ടവരെന്ന്
നിനകും മുദ്ര വരും.
അന്ന് നീ അറിയും ഒറ്റപെടലിന്റെയും പരിഹാസതിന്റെയും
കയ്പ്പും മധുരവും.
ചെറുപ്പത്തിൽ താഴെ വെക്കാതെയും തലയിൽ വെക്കാതെയും സ്വർപ്പോൽ അവരേ
ഉപേക്ഷിചതെന്തിൻ?
പ്രായാധിക്യത്തിന്റെ അവശതയാണ് നീ മറുപടി പറയാൻ
ആഗ്രഹിക്കുന്നതെങ്കിൽ, നാളെ നീ അങ്ങനെ ഒരുവൻ
തന്നെയാണ്. നിന്റെ നീച്ചമായ പ്രവൃത്തിയിൽ മനസ്സ്
നോന്തവർ ചിലപ്പേൾ നീ തന്നെയായിതീരും. നോവിന്റെ
വേദന അന്ന് കയപ്പ് മാതൃമായിതീരും. ഇനിയും ഈ ഭൂമിയിൽ മനുഷ്യവംശത്തിൻ ജീവിതം

സാദ്യമോ?
മൃഗത്തേ ഉപേക്ഷികുന്ന പോൽ പ്രയമായവരെ വലിചെറിയുന്ന മനുഷ്യാ.........
ദൈവം പോലും നിന്റെയീ നീച്ച പ്രവർത്തികൾക്ക് ദയയും
മാപ്പ് തരില്ല തിരിച്ച് !

കൊട്ടാരങ്ങളുടെ നാട്ടിലേക്ക് :-വിദ്യാർഥികളോടൊത്ത് ഒരു മൈസൂർ യാത്ര

ഏഷ്യയിൽ ആസൂത്രിതമായി നഗര വികസനം ആദ്യമായി നടത്തിയ സ്ഥലങ്ങളിൽ ഒന്നാണ് മൈസൂർ. മൈസൂരിന്റെ യഥാർത്ഥ പേര് മഹിഷൂരു എന്നായിരുന്നു. മഹിഷാസുരൻ എന്ന രാക്ഷസൻ ഭരിച്ചിരുന്ന സ്ഥലമായിരുന്നതിനാലാണ് ഇങ്ങനെ അറിയപ്പെട്ടിരുന്നതെന്ന് കരുതപ്പെടുന്നു.

അഞ്ഞൂറ് വർഷത്തോളം മൈസൂർ വാഡിയാർ രാജാക്കൻമാരുടെ കീഴിലായിരുന്നു. മൈസൂർ കൊട്ടാരം എന്നറിയപ്പെടുന്ന അംബാ വിലാസ് കൊട്ടാരം ഒരിക്കൽ പൂർണമായി അഗ്നിക്കിരയായിട്ടുണ്ട്. 1897ലായിരുന്നു ആ ദുരന്തം.ഇപ്പോൾ കാണുന്ന കൊട്ടാരം അതെ സ്ഥലത്ത് പിന്നീട് പണിതതാണ്.

1956 നവംബർ ഒന്നിന് കർണാടക സംസ്ഥാനം രൂപംകൊണ്ടത്. മൈസൂർ എന്നായിരുന്നു കർണാടകയുടെ ആദ്യപേര്. 1973 നവംബർ ഒന്നു മുതൽ കർണാടക എന്നറിയപ്പെട്ടു തുടങ്ങി...ശുക വന, ബ്രിന്ദാവൻ ഗാർഡൻ, സെന്റ് ഫിലോമിന ചർച്ച്, സ്റ്റേറ്റ് മ്യൂസിയം, ശ്രീരംഗപട്ടണം, മൃഗശാല, ചാമുണ്ഡി ഹിൽസ്......!

കുട്ടികൾക്കിടയിൽ ഇങ്ങനെ മൈസൂരിന്റെ ഭൂതവും ഭാവിയും വിസ്തരിച്ചുകൊണ്ട് GMVHSS VENGARA TOWN ലെ 2023 -24 അധ്യായന വർഷത്തെ പത്താം ക്ലാസ്സുകാരുടെ സ്റ്റഡി ടൂറിന്റെ ഒരുക്കങ്ങൾ ആരംഭിച്ചു.....ചർച്ചകൾ കൊടുംമ്പിരി കൊള്ളുന്നു.....യാത്ര എത്ര ദിവസം ??....ഒന്ന്...രണ്ട്...മൂന്ന്......
ഏതൊക്കെ സ്ഥലങ്ങൾ ??......മൈസൂർ....ബാംഗ്ലൂർ....കൊടക്....അങ്ങനെ പോകുന്നു ചർച്ചയുടെ ദിശകൾ...മന്ദ ഗതിയിലായ ടൂറിന്റെ ആദ്യ ഒരുക്കങ്ങൾ....രണ്ട് ദിവസത്തെ മൈസൂർ ടൂർ എന്ന മഹാഭൂരിപക്ഷത്തിന്റെ തീരുമാനത്തോടെ അതിവേഗത കൈവരിക്കുന്നു.

അങ്ങനെ യാത്ര പുറപ്പെടാനുള്ള ആ സുദിനം സമാഗതമായി.....
രണ്ട് ദിവസത്തെ മൈസൂർ ടൂറിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി.....ക്യാമ്പസ് ടൂർ ഗ്രൂപ്പിന്റെ കാർമികത്വത്തിൽ ഒരുപറ്റം വിദ്യാർഥികളുടെയും ഏതാനും സഹപ്രവർത്തകരുടെ കൂടെ ഞങ്ങൾ സ്കൂൾ അങ്കണത്തിൽനിന്നും വഴിക്കടവ്....നാടുകാണി....ഗൂഡല്ലൂർ.....ഗുണ്ടുൽപേട്ട് വഴി പട്ടിനും ചന്ദനത്തിനും കൊട്ടാരത്തിനും പേരുകേട്ട മൈസൂരിലേക്ക് യാത്രതിരിച്ചു.

വഴിക്കടവും കടന്ന് ബസ് നാടുകാണി ചുരം കയറിക്കൊണ്ടിരിക്കുന്നു....ബസിൽ ആട്ടം ചാട്ടം പാട്ട്....ആകെ ബഹളമയം....അതിരാവിലെ പുറപ്പെട്ടതിനാൽ എല്ലാവർക്കും വിശപ്പ് തുടങ്ങിയിരിക്കുന്നു....വഴിമദ്ധ്യേ തയ്യാറാക്കിയ ബ്രേക്ക് ഫാസ്റ്റും കഴിച്ച്...യാത്ര തുടരുന്നു....അതിരാവിലെയുള്ള ബന്ദിപ്പൂർ വനകാഴ്ച്ചകളും കണ്ട്... ഗുണ്ടുൽപേട്ടും പിന്നിട്ട് ബസ് മൈസൂർ ലക്ഷ്യമാക്കി ചീറിപാഞ്ഞു....
11 മണി നേരം ബസിൽനിന്നും ഒരു അറിയിപ്പ് നമ്മുടെ യാത്രയിലെ ആദ്യ സ്ഥലം

എത്താറായി എല്ലാവരും റെഡിയായിരിക്കുക.നിമിഷങ്ങൾക്കകം ബസ് ലക്ഷ്യസ്ഥാനത്ത് എത്തി....വിദ്യാർത്ഥികൾക്കും സഹപ്രവർത്തകർക്കും ഒപ്പം ഈ യാത്രയിലെ ആദ്യ കാഴ്ചയിലേക്...“ശുക വന“

മൈസൂർ നഗരത്തിൽ എത്തുന്നതിനും മുമ്പ് ഏതാനും കിലോമീറ്റർ അകലെ ദത്താ നഗറിലായിരുന്ന“ശുക വന“സ്ഥിതി ചെയ്യുന്നത് . വയലേലകളും പൊടി കാറ്റും താണ്ടി കൊണ്ട് അവിടെയെത്തിയ ഞങ്ങൾക്ക് മുന്നിൽ ശുക വന കവാടം മലർക്കെ തുറക്കപ്പെട്ട്കിടക്കുന്നു.

പക്ഷികളുടെ പുനരധിവാസത്തിനും ഉന്നമനത്തിനും വേണ്ടി നിലകൊള്ളുന്ന സങ്കേതത്തിൽ പരിക്ക് പറ്റിയതും ഉപേക്ഷിക്കപ്പെട്ടതുമായ നാന്നൂറ്റി അറുപത്തിയെട്ട് വ്യത്യസ്ത ഇനത്തിൽ പെട്ട രണ്ടായിരത്തിയൊരുന്നൂറിലധികം അന്തേവാസികൾ വസിക്കുന്നുണ്ടെന്നു അറിഞ്ഞത് എനിക്ക് ആശ്ചര്യമായി തോന്നി. അത് നേരിട്ടു കണ്ടു മനസ്സിലാക്കിയപ്പോഴാവട്ടെ അതിലേറെ അദ്ഭുതവും.

കല്ല് പാകിയ നീണ്ട നടപ്പാതകൾക്കിരുവശവും സ്ഥാപിച്ചിട്ടുള്ള വിശാലവും അതി നൂതനവും വൃത്തിയുള്ളതുമായ പല വലിപ്പത്തിലുള്ള കൂടുകളിൽ തനി നാടൻ മുതൽ വിദേശ ഇനത്തിൽപെട്ട അപൂർവയിനം പക്ഷികൾ വരെ അവരുടേത് മാത്രമായ ലോകത്തു കളിച്ചും ചിലച്ചും ഉല്ലസിക്കുന്നു, അപൂർവവും വൈവിധ്യം നിറഞ്ഞതുമായ തത്തകളായിരുന്നു മുഖ്യ ആകർഷണം. എല്ലാം ഒന്നിനൊന്നു മികച്ച സുന്ദരീ സുന്ദരന്മാർ.

ഓരോ കൂടിനു പുറത്തും സ്ഥാപിച്ചിരുന്ന ബോർഡുകളിൽ പക്ഷികളുടെ ഇനം, ദേശം, പ്രായം, ശാസ്ത്രീയ നാമം തുടങ്ങി യ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് അവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും നമ്മുടെ ആവാസ വ്യവസ്ഥയിൽ അവർക്കുള്ള പ്രാധാന്യം എത്രമാത്രമെന്ന് അറിയാനും സാധിച്ചു.

തുടർന്ന് സങ്കേതത്തിനകത്തു തന്നെ സ്ഥിതി ചെയ്യുന്ന പക്ഷികളെ കുറിച്ചുള്ള ഫോട്ടോസ്, പുസ്തകങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവ വിൽക്കുന്ന സ്റ്റാളുകൾ സന്ദർശിച്ചശേഷം പുറത്തെ ബോൺ സായ് ഗാർഡനിൽ നിന്ന് ഒരു ഗ്രൂപ്പ് ഫോട്ടോയും എടുത്ത് പുറത്ത് ഇറങ്ങുമ്പോൾ മനസ്സിനും ശരീരത്തിനും തീരെ ഭാരം കുറവായിരുന്നു....ഒരു പക്ഷി തൂവൽ പോലെ!!!

അടുത്ത യാത്ര സെൻറ് ഫിലോമിനാസ് ചർച്ചിലോട്ടായിരുന്നു. നഗര മധ്യത്തിലെ പ്രധാന തീർഥാടന കേന്ദ്രമാണിത്. 1936ലാണ് ഇന്ന് കാണുന്ന രീതിയിലുള്ള ചർച്ച് നിർമിച്ചത്. ജർമനിയിലെ കൊളോൺ കത്തീഡ്രലിൻ്റെ മാതൃകയാണ് നിർമാണത്തിൽ പിൻപറ്റിയിട്ടുള്ളത്. കുറച്ച് സമയം അവിടെ ചെലവയിച്ചതിനു ശേഷം അവിടെ നിന്ന് ഇറങ്ങി.....
നേരം ഉച്ച കഴിഞ്ഞിരിക്കുന്നു എല്ലാവർക്കും നല്ല വിശപ്പ്......ബിരിയാണിയും കഴിച്ച് നേരെ അടുത്ത സ്പോട്ടിലേക്ക് ......

ടിപ്പു സുൽത്താൻ മൈസൂർ ഭരിച്ചിരുന്ന കാലത്തെ തലസ്ഥാനമായ ശ്രീരംഗപട്ടണം ലക്ഷ്യമാക്കി യാത്ര തുടർന്നു. മൈസൂരിൽനിന്ന് 16 കിലോമീറ്റർ ദൂരമുണ്ട് ശ്രീരംഗപട്ടണത്തിലേക്ക്. കാവേരി നദിയുടെ തീരത്താണീ പൈതൃക നഗരം. ആദ്യം സന്ദർശിച്ചത് ടിപ്പുസുൽത്താന്റെ വേനൽക്കാല കൊട്ടാരമായ ദരിയ ദൗലത്ത് പാലസാണ്. 1784ലാണ് കൊട്ടാരം നിർമിക്കുന്നത്. നാലുഭാഗത്തും പരന്നുകിടക്കുന്ന പൂന്തോട്ടത്തിന് നടുവിലാണ് ഈ ചെറിയ കൊട്ടാരം. തേക്ക് മരമാണ് നിർമാണത്തിന് ഭൂരിഭാഗവും ഉപയോഗിച്ചിട്ടുള്ളത്. ഇന്നിത് ടിപ്പുസുൽത്താന്റെ ജീവിതം പറയുന്ന മ്യൂസിയമാണ്. കൊട്ടാരത്തിൽനിന്ന് രണ്ട് കിലോമീറ്റർ ദൂരെയാണ് ടിപ്പു സുൽത്താൻന്റെയും പിതാവ് ഹൈദരലിയുടെയും ഖബറുകളുള്ള ഗുംബസ് സ്ഥിതി ചെയ്യുന്നത്.
ബ്രിട്ടീഷുകാരുടെ വാളാൽ 1799ലെ യുദ്ധത്തിൽ ടിപ്പു സുൽത്താൻ കൊല്ലപ്പെട്ട സ്ഥലത്തേക്കാണ് അതിനുശേഷം ഞങ്ങൾ യാത്ര തിരിച്ചത്. മൈസൂരു - ബംഗളൂരു പത്തുവരിപ്പാത മുറിച്ചുകടന്നാൽ ശ്രീരംഗപട്ടണത്തിലെ പഴയ കോട്ട കാണാം. കോട്ട കഴിഞ്ഞാൽ എത്തുന്നത് ജുമാമസ്ജിദിൽ. അവിടെനിന്ന് 100 മീറ്റർ ദൂരമുണ്ട് ടിപ്പു മരിച്ചുകിടന്ന സ്ഥലത്തേക്ക്. ഇതിന്റെ തൊട്ട് അടുത്താണ് വാട്ടർ ജയിൽ.....ഇതെല്ലാം സന്ദർശിച്ചു കഴിഞ്ഞപ്പോൾ നേരം 4 മണിയായിരിക്കുന്നു....
ഇനി എങ്ങോട്ട് എന്നാലോചിക്കുമ്പോഴാണ് ബ്രിന്ദാവൻ  ഗാർഡൻ മനസ്സിലേക്ക് കടന്നുവരുന്നത്.

അടുത്ത ലക്ഷ്യസ്ഥാനമായ കൃഷ്ണരാജ സാഗര ഡാമും(KRS) ബൃന്ദാവൻ ഗാർഡനും ലക്ഷ്യമാക്കി ബസ് നീങ്ങി.....മൈസൂർ ടൗണിൽനിന്ന് 20 കിലോമീറ്റർ ദൂരമുണ്ട് ഇവിടേക്ക്. മാണ്ഡ്യ ജില്ലയിൽ സ്ഥിതി ചെയ്യുന്ന ശ്രീരംഗപട്ടണത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമാണ് ഈ പൂന്തോട്ടവും ഡാമും. കാവേരി നദിയിൽ 1924ലാണ് കൃഷ്ണരാജ സാഗര ഡാമിന്റെ നിർമാണം ആരംഭിക്കുന്നത്. മൈസൂരിലെയും മാണ്ഡ്യയിലെയും കൃഷിക്ക് ആവശ്യമായ വെള്ളം ഈ ഡാമിൽനിന്ന് ലഭിക്കുന്നു. കൂടാതെ ഇന്ത്യയുടെ സിലിക്കൺ വാലിയായ ബംഗളൂരുവിന്റെ കുടിവെള്ള സ്രോതസ്സും ഈ ഡാം തന്നെ. ഇതിനോട് ചേർന്ന് 1932ലാണ് ബൃന്ദാവൻ ഗാർഡൻ നിർമിച്ചത്. 60 ഏക്കറുകളിലായി പരന്നു കിടക്കുകയാണ് ഉദ്യാനം. രാത്രിയിലെ മ്യൂസിക്കൽ ഫൗണ്ടനാണ് (ജലനൃത്തം) ഇവിടത്തെ പ്രധാന ആകർഷകങ്ങളിലൊന്ന്......
നയനമനോഹരമായ കാഴ്ചകൾ കണ്ടങ്ങനെ ഇരുന്നു......സമയം പോയതറിഞ്ഞില്ല....നേരം നല്ലവണ്ണം ഇരുട്ടിയിരിക്കുന്നു....ഇന്ന് schedule ചെയ്ത സ്ഥലങ്ങൾ കണ്ട് കഴിഞ്ഞിരിക്കുന്നു....അതിരാവിലെ യാത്ര തിരിച്ചതിനാൽ എല്ലാവർക്കും നല്ല വിശപ്പും ക്ഷീണവും.....ഡിന്നറും കഴിച്ച് നേരെ റൂമിലേക്ക്.....നാളേക്കുള്ള യാത്രയുടെ ഒരുക്കങ്ങൾ നടത്തി......നേരെ ബെഡിലേക്ക്....സുഖനിദ്ര.

മൈസൂരു മൃഗശാലയായിരുന്നു രണ്ടാം ദിവസത്തെ ആദ്യ ലക്ഷ്യം. കുളിച്ചു ഫ്രഷായി രാവിലത്തെ പ്രാതലും കഴിച്ച് നേരെ മൃഗശാലയിലേക്ക്.....രാവിലെ ഒമ്പത് മണിക്ക് തന്നെ

ടിക്കറ്റ് കൗണ്ടറുകൾക്ക് മുമ്പിൽ ആളുകൾ നിറഞ്ഞിരുന്നു. ഞങ്ങൾ താമസിക്കുന്ന ഹോട്ടലിന്റെ തൊട്ടടുത്താണ് ഈ മൃഗശാല. കാവടത്തിൽനിന്നും ഗ്രൂപ്പ് ഫോട്ടോയും എടുത്ത് മൃഗശാലയുടെ അകത്തളത്തിലേക്ക്..നഗരമധ്യത്തിൽ 157 ഏക്കറുകളിലായി പരന്നുകിടക്കുകയാണ് മൃഗശാല. മൈസൂർ രാജാവിന്റെ സഹായത്തോടെ 1892ൽ പത്ത് ഏക്കറിലായിട്ടാണ് ഇതിന്റെ പ്രവർത്തനം തുടങ്ങുന്നത്. മൂന്ന് കിലോമീറ്ററിലേറെ ദൂരം വരുന്ന പാതക്ക് ഇരുവശവുമാണ് മൃഗങ്ങളുടെ കൂടുകളും വാസസ്ഥലവും ഒരുക്കിയിട്ടുള്ളത്. ആ കാഴ്ചകളും കണ്ട് അങ്ങനെ നടന്ന്....നടന്ന്.....നീങ്ങി......അതിനു ശേഷം...അടുത്ത സ്ഥലത്തേക്ക്.

11 മണിയോടെ ഞങ്ങളുടെ ബസ് മൈസൂർ പാലസിന് മുന്നിലെത്തി. പുറത്തിറങ്ങി ടിക്കറ്റെടുത്ത് കൊട്ടാര മുറ്റത്തേക്ക് നടന്നു. കൊട്ടാരത്തിന്റെ പുറത്ത് വിവിധ തരത്തിലുള്ള ഫോട്ടോയെടുക്കൽ മത്സരം നടക്കുന്നതിനിടയിൽക്കൂടി ചെക്കിങ്ങ് പൂർത്തിയാക്കി കൊട്ടാരത്തിലേക്ക്.

മൈസൂരു ഭരിച്ചിരുന്ന വാഡിയാർ രാജവംശത്തിന്റെ ഔദ്യോഗിക വസതിയായിരുന്നു ഈ കൊട്ടാരം. മൈസൂരിലെ ഏറ്റവും പ്രസിദ്ധമായ കൊട്ടാരവും അംബാ വിലാസ് എന്ന് പ്രാദേശികമായി അറിയപ്പെടുന്നതും ഈ കൊട്ടാരമാണ്. വാഡിയാർ രാജാക്കന്മാർ പതിനാലാം നൂറ്റാണ്ടിലാണ് ആദ്യമായി ഈ കൊട്ടാരം നിർമിക്കുന്നത്. എന്നാൽ, ഇത് പിൽകാലത്ത് പലവട്ടം തകർക്കപ്പെടുകയും പുനർനിർമിക്കപ്പെടുകയുമുണ്ടായി. ഇന്നു കാണുന്ന കൊട്ടാരത്തിന്റെ നിർമാണം 1897ലാണ് ആരംഭിക്കുന്നത്. 1912ൽ പണി പൂർത്തിയാവുകയും ചെയ്തു. 1940 കളിൽ ഈ കൊട്ടാരം വീണ്ടും വിപുലീകരിച്ചു. ഹിന്ദു, രജപുത്ര, ഗോതിക്, ഇസ്‌ലാം വാസ്തുവിദ്യകളുടെ സങ്കരരൂപമായ ഈ കൊട്ടാരം ഇൻഡോ സാർസനിക് വാസ്തുശൈലിയിലാണ് നിർമിച്ചിട്ടുള്ളത്. ശരത്കാലത്ത് നടക്കുന്ന ദസറ മഹോത്സവത്തിന്റെ പ്രധാന വേദി ഈ കൊട്ടാരമാണ്. വലിയൊരു ഉദ്യാനത്താൽ കൊട്ടാരം ചുറ്റപ്പെട്ടിരിക്കുന്നു. ഇവ കണ്ടിറങ്ങി പിന്നിലോട്ട് നടന്നാൽ പഴയ കൊട്ടാരം കാണാം. ഇന്ന് മ്യൂസിയമായാണ് ഇത് ഉപയോഗിക്കുന്നത്. ഇതിനകത്തേക്ക് കയറാൻ വീണ്ടും ടിക്കറ്റെടുക്കണം. രാജഭരണ കാലത്തെ ആയുധങ്ങൾ, പല്ലക്കുകൾ, വസ്ത്രങ്ങൾ തുടങ്ങിയവയാണ് ഇതിനകത്തുള്ളത്. ഈ കൊട്ടാരം കൂടാതെ മറ്റു ആറു കൊട്ടാരങ്ങളും മൈസൂരിലുണ്ട്. ജഗൻമോഹൻ പാലസ്, ജയലക്ഷ്മി വിലാസ്, ലളിത മഹൽ, രാജേന്ദ്ര വിലാസ്, ചെലുവമ്പ, കരഞ്ചി വിലാസ് എന്നിവയാണ് രാജാക്കൻമാർ വിവിധ കാലങ്ങളിലായി പണികഴിപ്പിച്ച കൊട്ടാരങ്ങൾ. ഇതിൽ പലതും ഇന്ന് പഞ്ചനക്ഷത്ര ഹോട്ടലുകളായി മാറിയിരിക്കുന്നു.കൊട്ടാരത്തിന്റെ മുൻവശത്ത് നിന്ന് ചില ഫോട്ടോകൾ പകർത്തി നേരെ പുറത്തേക്ക്....

നേരം ഉച്ചയായിരിക്കുന്നു...നല്ല ചൂട്....എല്ലാവർക്കും വിശപ്പ് കൂടിവരുന്നു.......ഭക്ഷണവും കഴിച്ച് നേരെ അടുത്ത കാഴ്ചയിലേക്ക്.......

സ്റ്റേറ്റ് മ്യൂസിയം...കർണാടക സംസ്ഥാനത്തിന്റെ ചരിത്രവും പൈതൃകവും വിളിച്ചോതുന്ന

വിജ്ഞാന സൗധത്തിലൂടെ ഒരു പ്രദക്ഷിണയോട്ടം നടത്തി നേരെ പുറത്തേക്ക്.....

അടുത്ത ലക്ഷ്യം ഞങ്ങളുടെ യാത്രയിലെ അവസാന ഡെസ്റ്റിനേഷനായ ചാമുണ്ഡി ഹിൽസായിരുന്നു. മൈസൂർ നഗരത്തിൽനിന്ന് 13 കിലോമീറ്റർ ദൂരമുണ്ട് ഇവിടേക്ക്. വളവുകൾ നിറഞ്ഞ റോഡിലൂടെ മുകളിലോട്ട് കയറുമ്പോൾ താഴെ മൈസൂർ നഗരം വെട്ടിത്തിളങ്ങി നിൽക്കുന്നത് കാണാം. ക്ഷേത്രവും പരിസരവും ചുറ്റികറങ്ങി ഹിൽ വ്യൂ പോയിന്റിൽ നിന്ന് വിദൂര മൈസൂർ നഗര കാഴ്ചകളും കണ്ട്......അങ്ങനെ നിന്നു...... വാച്ചിലേക്ക് നോക്കി.....നാട്ടിലേക്ക് തിരിക്കേണ്ട സമയമാകാൻ പോകുന്നു.....തിടുക്കത്തിൽ വിദ്യാർത്ഥികൾക്കും സഹപ്രവർത്തകർക്കും ഒപ്പം ഒരു ചെറു ഷോപ്പിങ്ങും നടത്തി...നേരെ ബസ്സിലേക്.....ഇനി മടങ്ങുകയാണ്.....വന്ന വഴിയേ....ബസ് കേരള ബോർഡറും ലക്ഷ്യമാക്കി കുതിച്ചു പാഞ്ഞു....ക്ഷീണം കൂടി കൂടിവരുന്നു...കൂടെ വിശപ്പും....ഭക്ഷണം കഴിച്ച്....മടക്കയാത്ര തുടർന്നു....ഇടക്ക് ബാഗിൽ വീട്ടുകാർക്കും സഹപ്രവർത്തകർക്കും ഉള്ള സ്പെഷ്യൽ മൈസൂർ പാക് ഉണ്ടെന്ന് ഉറപ്പുവരുത്തി...സീറ്റിൽ ചാരിയിരുന്നു....രണ്ട് ദിവസത്തെ മൈസൂർ യാത്ര ഒരു ഫ്ലാഷ് ബാക്ക് പോലെ മിന്നി മറഞ്ഞു....കണ്ണുകൾ ഉറക്കത്തിലേക്ക് വഴുതിവീണു....ശുഭം!

(അഷ്‌റഫ് മാഷ്, പ്രിയേഷ് മാഷ്, അസ്മാബി ടീച്ചർ, ദിവ്യ ടീച്ചർ, ക്യാമ്പസ് ടൂർ ടീം....പ്രിയ വിദ്യാർഥികൾ.......ടൂറിന് കൂടെ നിന്നതിനും വിജയിപ്പിച്ചതിനും )

FAISAL MUBARAK. KK

HST SOCIAL SCINCE

Saja Fathima V.K

## മഴയുള്ള ദിവസം

രാവിലെ മുറ്റത്തിറങ്ങിയുനാ രാവിലെ
ഞാൻ കാണുമ്പോൾ മഴയാ-
യിരുന്നു എന്നമ്മപറഞ്ഞു
കെച്ചനുജനും കുട്ടി മഴത്തു കളിക്കാൻ
പോയി മയത്ത്കാറ്റുവീശുന്നു.
ഇലകൾ പാറി പറകുന്നു
പിന്നെ എന്റെ കുട്ടു-
കാരുമെത്തി കളിക്കാൻ എന്റെ അനു-
ജനും എന്റ കീട്ടുകാരും കുടി
തോണിയുണ്ടാക്കി ഒഴു-
കുന്നവള്ളത്തുടെ എന്റെ അനു-
ജൻ മഴകാലത്ത് കളിക്കാൻ വലിയ
ഇഷ്ട്ടമാണ്. മഴപെയ്യുന്ന ദിവസം
ഞാനും അനുജനും കുടി അടുത്തു
കുളത്തിലോട്ടു പോവും മഴത്ത് കുളത്തിൽ
കുളിക്കുന്ന മിനുകളേകാണാൻ
നല്ല ഭംഗിയാണ്. എന്റെ അനുജ-
ന് വലിയ സന്തോഷമാകും.
എത്ര ഭംഗി മഴ കാണാൻ
എത്ര സുന്ദരമാണ് നമ്മുടെ
മഴയെ കാണാൻ

വിരലോളങ്ങൾ മഷിയിൽ ചാലിച്ച്
വർണ വിസ്മയങ്ങളുടെ
മായികലോകം
നിങ്ങളിലേക്ക് സമർപ്പിക്കുമ്പോൾ ......
നന്ദി ......

# പെൻ വിരൽ

Chief Editor : Bindu PB

Staff Editor : Salu
&
Asmabi PK

Student Editor : Febin KP

Editorial Board : Lubna
Rifa
Jasir
Ashida